2024
MAY
01
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## നവകേരള ബസ് ഇനി ഗരുഡ പ്രീമിയം; ഞായറാഴ്ച മുതൽ ബംഗളുവിലേക്ക്




**തിരുവനന്തപുരം:** നവകേരള യാത്രയ്ക്ക് മുഖ്യമന്ത്രിയും മന്ത്രിമാരും ഉപയോഗിച്ച ഭാരത് ബെൻസ് സൂപ്പർ ലക്ഷ്വറി ബസ് നവീകരണത്തിനു ശേഷം സർവീസിന് തയാറായി. കോഴിക്കോട് ബംഗളൂരു റൂട്ടിൽ 'ഗരുഡ പ്രീമിയം' എന്ന ആഡംബര സർവീസായി ഞായറാഴ്ച മുതൽ ഓടിത്തുടങ്ങും.

ആധുനിക എയർകണ്ടീഷൻ ബസിൽ 26 പുഷ് ബാക്ക് സീറ്റുകളാണുള്ളത്. പടികൾ ഉപയോഗിക്കാൻ കഴിയാത്ത ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാർ തുടങ്ങിയവർക്ക് ബസിനുള്ളിൽ കയറാൻ പ്രത്യേകം തയാറാക്കിയ യാത്രക്കാർക്ക് തന്നെ ഓപ്പറേറ്റ് ചെയ്യാവുന്ന തരത്തിലുള്ള ഹൈഡ്രോളിക് ലിഫ്റ്റ് ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ശുചിമുറി, വാഷ്ബേസിൻ തുടങ്ങിയ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ടെലിവിഷനും മ്യൂസിക് സിസ്റ്റവും മൊബൈൽ ചാർജർ സംവിധാനവും ലഗേജ് സൂക്ഷിക്കുവാനുള്ള സ്ഥലവും ബസിലുണ്ട്.

രാവിലെ 4 മണിക്ക് കോഴിക്കോട്ട് നിന്നും യാത്ര തിരിച്ച് കൽപ്പറ്റ, സുൽത്താൻ ബത്തേരി, ഗുണ്ടൽപ്പേട്ട്, മൈസൂർ, മാണ്ഡ്യ വഴി 11.35ന് ബംഗളൂരുവിലെത്തും. ഉച്ചയ്ക്ക് 2.30നു തിരിച്ച് ഇതേ റൂട്ടിലൂടെ രാത്രി 10.05ന് കോഴിക്കോട്ടെത്തും. ഓൺലൈൻ റിസർവേഷൻ സൗകര്യമുള്ള ബസിൽ കോഴിക്കോട്, കൽപ്പറ്റ, സുൽത്താൻ ബത്തേരി, മൈസൂരു, ബംഗളൂരു (സാറ്റലൈറ്റ്, ശാന്തിനഗർ) എന്നിവയാണ് സ്റ്റോപ്പുകൾ.

1,171 രൂപയാണ് സെസ് അടക്കം ടിക്കറ്റ് നിരക്ക്. എസി ബസുകൾക്കുള്ള 5 ശതമാനം ലക്ഷ്വറി ടാക്സും നൽകണം. ബുധനാഴ്ച വൈകിട്ട് 6.30ന് ബസ് തിരുവനന്തപുരത്ത് നിന്നും കോഴിക്കോട്ടേക്കു സർവീസായി പോകുന്ന ബസിൽ ടിക്കറ്റ് എടുത്ത് പരമാവധി ആളുകൾക്ക് യാത്ര ചെയ്യാം.

# ഉഷ്ണതരംഗം: 3 ജില്ലകളിൽ യെലോ അലർട്ട്



**തിരുവനന്തപുരം:** പാലക്കാട് ജില്ലയിലെ ചില പ്രദേശങ്ങളിൽ ഇന്നു മുതൽ മേയ് 2 വരെ ഉഷ്ണതരംഗ സാധ്യത തുടരുന്നതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ആലപ്പുഴ, തൃശൂർ, കോഴിക്കോട് ജില്ലകളിലെ ചില പ്രദേശങ്ങളിൽ മേയ് 2 വരെ ഉഷ്ണതരംഗ സാധ്യത ഉള്ളതിനാൽ കേന്ദ്രകാലാവസ്ഥ വകുപ്പ് യെലോ അലർട്ടും പ്രഖ്യാപിച്ചു.

മേയ് 4 വരെ പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 41 ഡിഗ്രി സെൽഷ്യസ് വരെയും, തൃശൂർ ജില്ലയിൽ ഉയർന്ന താപനില 40 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരം, എറണാകുളം, കാസർകോട്, മലപ്പുറം ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും, (സാധാരണയെക്കാൾ 3 5 ഡിഗ്രി സെൽഷ്യസ് കൂടുതൽ) ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ 2024 ഏപ്രിൽ 30 മുതൽ മെയ് 04 വരെ ചൂടും ഈർപ്പവുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്.

ആലപ്പുഴ ജില്ലയിലെ ചില പ്രദേശങ്ങളിൽ ഇന്ന് ഉയർന്ന രാത്രി താപനില തുടരാൻ സാധ്യത.

## ഛത്തീസ്ഗഡിൽ സുരക്ഷാസേന 7 മാവോയിസ്റ്റുകളെ വധിച്ചു

**റായ്പുർ:** ഛത്തീസ്ഗഡിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഏഴ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. നാരായൺപുർ, കങ്കർ ജില്ലാതിർത്തിയിലാണ് ഏറ്റുമുട്ടലുണ്ടായത്. മഹാരാഷ്ട്ര അതിർത്തിയോടു ചേർന്ന തെക്മെട്ട വനമേഖലയിൽ പ്രത്യേക ദൗത്യ സംഘവും റിസർവ് ഗാർഡും ചേർന്ന് നടത്തിയ സംയുക്ത തിരിച്ചടിയിലാണ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടത്. ഏതാനും പേർക്ക് പരുക്കേറ്റതായി സൂചനയുണ്ട്. സുരക്ഷാ സേനാംഗങ്ങൾക്ക് പരുക്കില്ലെന്ന് പൊലീസ് അറിയിച്ചു.

സംഭവ സ്ഥലത്തുനിന്ന് എകെ47 റൈഫിളും സ്ഫോടക വസ്തുക്കളും കണ്ടെടുത്തിട്ടുണ്ട്. കൊല്ലപ്പെട്ടവരിൽ അഞ്ചുപേർ പുരുഷന്മാരും രണ്ട് സ്ത്രീകളുമാണുള്ളത്. ഇതോടെ ബസ്തർ മേഖലയിൽ ഈ വർഷം മാത്രം 88 മാവോയിസ്റ്റുകളാണ് വിവിധ ഏറ്റുമുട്ടലുകളിലായി കൊല്ലപ്പെട്ടത്. നാരായൺപുർ, കങ്കർ ഉൾപ്പെടെ ഏഴ് ജില്ലകൾ അടങ്ങിയ പ്രദേശമാണ് ബസ്തർ. ഈ മാസം 16ന് നടന്ന ഏറ്റുമുട്ടലിൽ 29 മാവോയിസ്റ്റുകളെ സുരക്ഷാസേന വധിച്ചിരുന്നു.

**സൊസൈറ്റി ടുഡേ**

മെയ്ദിനം പ്രമാണിച്ച് ഇന്ന് ഓഫീസിന് അവധിയായതിനാൽ നാളെ(02-05-24) വ്യാഴം പത്രം ഉണ്ടായിരിക്കുന്നതല്ല

## സ്വർണ വിലയിലെ കുതിപ്പ് രാജ്യത്ത് ജ്വല്ലറി മേഖലയെ മാന്ദ്യത്തിലേക്ക് നീക്കുന്നു



**കൊച്ചി:** സ്വർണ വിലയിലെ കുതിപ്പ് രാജ്യത്ത് ജ്വല്ലറി മേഖലയിലെ മാന്ദ്യത്തിലേക്ക് നീക്കുന്നു. റെക്കോഡുകൾ കീഴടക്കി സ്വർണ വില കുതിച്ചതോടെ വിവാഹം, മറ്റ് ആഘോഷങ്ങൾ എന്നിവയോടനുബന്ധിച്ചുള്ള വിൽപ്പന മാത്രമാണ് ജ്വല്ലറികളിൽ പ്രധാനമായും നടക്കുന്നത്. അടുത്ത മാസങ്ങളിൽ വില താഴേക്ക് നീങ്ങുമെന്ന പ്രതീക്ഷയിൽ ഉപയോക്താക്കൾ വാങ്ങൽ തീരുമാനം നീട്ടിവെക്കുകയാണെന്ന് വ്യാപാരികൾ പറയുന്നു.

വേൾഡ് ഗോൾഡ് കൗൺസിലും സമാനമായ അഭിപ്രായമാണ് പങ്കുവയ്ക്കുന്നത്. സ്വർണ വിലയിലെ വൻ കുതിപ്പിനെത്തുടർന്ന് ഇന്ത്യയിലെ സ്വർണ വിൽപ്പന നാല് വർഷത്തെ ഏറ്റവും കുറഞ്ഞ തലത്തിലെത്തുമെന്ന് വേൾഡ് ഗോൾഡ് കൗൺസിൽലിൻറെ ഇന്ത്യ വിഭാഗത്തിൻറെ റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ വർഷം ഇന്ത്യയിലെ സ്വർണ ഉപയോഗത്തിൽ 1.7 ശതമാനം കുറവുണ്ടായിരുന്നു. നടപ്പുവർഷം ആദ്യ നാല് മാസങ്ങളിൽ സ്വർണ വിലയിൽ 13 ശതമാനം വർധനയുണ്ടായി. നിക്ഷേപമെന്ന നിലയിൽ സ്വർണത്തിന് താത്പര്യമേറുന്നുണ്ടെങ്കിലും ആഭരണങ്ങളായി വാങ്ങുന്നതിൽ വലിയ ആവേശം ദൃശ്യമല്ല. ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്ന് മാസത്തിൽ ഇന്ത്യയിലെ സ്വർണ ഉപയോഗം എട്ടു ശതമാനം ഉയർന്ന് 136.6 ടണ്ണിലെത്തിയെന്നും വേൾഡ് ഗോൾഡ് കൗൺസിൽ പറയുന്നു.

ഇതിനിടെ വിദേശ നാണയ ശേഖരം വൈവിധ്യവത്കരിക്കുന്നതിൻറെ ഭാഗമായി റിസർവ് ബാങ്ക് വലിയ തോതിൽ സ്വർണം വാങ്ങിക്കൂട്ടുകയാണ്. ആദ്യ മൂന്ന് മാസങ്ങളിൽ 19 ടൺ സ്വർണമാണ് റിസർവ് ബാങ്ക് വാങ്ങിയത്. കഴിഞ്ഞ വർഷം 16 ടൺ സ്വർണം വാങ്ങിയിരുന്നു. ഡോളറിൻറെ മൂല്യത്തിലുണ്ടാകുന്ന ചാഞ്ചാട്ടവും സ്വർണത്തിന് പ്രിയം കൂട്ടുന്നു. ഏപ്രിൽ അഞ്ചിന് അവസാനിച്ച വാരത്തിൽ രാജ്യത്തെ മൊത്തം വിദേശ നാണയ ശേഖരം ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 64,850 കോടി ഡോളറിലെത്തിയിരുന്നു. നിലവിൽ റിസർവ് ബാങ്കിൻറെ കൈവശം 820 ടണ്ണിലധികം സ്വർണമാണുള്ളത്.






# ചിന്മയ ശങ്കരം മെയ് എട്ടുമുതൽ

**കൊച്ചി:** ആഗോള ചിന്മയ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ചിന്മയ ശങ്കരം മെയ് 8 ന് എറണാകുളത്തപ്പൻ മൈതാനിയിൽ തുടക്കമാകും. എട്ടിന് രാവിലെ മഹാഗണപതി ഹോമത്തോടെയാണ് ചിന്മയ ശങ്കരത്തിന്റെ വേദി ഉണരുന്നത്. വൈകീട്ട് ചേരുന്ന സമ്മേളനത്തിൽ ഗോവ ഗവർണർ അഡ്വ. പി. എസ്. ശ്രീധരൻപിള്ള ചിന്മയ ശങ്കരം 2024ന് തിരിതെളിയിക്കും. ഗുരുജി സ്വാമി തേജോമയാനന്ദ, ചിന്മയ മിഷൻ ഗ്ലോബൽ ഹെഡ് സ്വാമി സ്വരൂപാനന്ദ സരസ്വതി, ചിന്മയ മിഷൻ കേരള അധ്യക്ഷൻ സ്വാമി വിവിക്താനന്ദ സരസ്വതി തുടങ്ങിയവർ പങ്കെടുക്കും. വൈവിധ്യമാർന്ന നിരവധി പരിപാടികളാണ് ചിന്മയ ശങ്കരം 2024ന്റെ ഭാഗമായി ആസൂത്രണം ചെയ്തിരിക്കുന്നത്. ലോകമെമ്പാടുമുള്ള ചിന്മയ മിഷൻ സെന്ററുകളുടെ സഹകരണത്തോടെയാണ് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന പരിപാടി സംഘടിപ്പിക്കുന്നത്. ചിന്മയ മിഷനിലെ ആചാര്യന്മാർക്കൊപ്പം സാമൂഹിക, രാഷ്ട്രീയ സാംസ്ക്കാരിക മേഖലകളിലെ നിരവധി പ്രമുഖർ പരിപാടിയുടെ ഭാഗമാകും. വിവിധ വിഷയങ്ങളെ അധികരിച്ചുള്ള പ്രഭാഷണങ്ങൾ,ഭഗവത് ഗീത, സൗന്ദര്യലഹരി പരായണം തുടങ്ങിയവ പരിപാടിയുടെ ഭാഗമാകും. ആർ.എസ്.എസ്. ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബാളെ, സുപ്രീം കോടതിയിലെ അഭിഭാഷകൻ സായി ദീപക് തുടങ്ങിയ പ്രമുഖർ ചിന്മയ ശങ്കരത്തിന്റെ വേദിയിലെത്തും. ചിന്മയാനന്ദ സ്വാമിയുടെയും ആദി ശങ്കരന്റെയും സംഭവനകൾ അമൂല്യമാണെന്ന് എറണാകുളം പ്രസ് ക്ലബിൽ സംഘടിപ്പിച്ച വാർത്താ സമ്മേളനത്തിൽ ചിന്മയ മിഷൻ കേരള അധ്യക്ഷൻ സ്വാമി വിവിക്താനന്ദ സരസ്വതി പറഞ്ഞു. ചിന്മയ ശങ്കരം 2024 ന്റെ പന്തൽ കാൽനാട്ടുകർമം ഇന്ന് രാവിലെ എറണാകുളത്തപ്പൻ മൈതാനിയിൽ നടക്കും. ചിന്മയ മിഷൻ എറണാകുളം പ്രസിഡന്റ് കെ.എസ് വിജയകുമാർ, സിഎംഐ സിറ്റി ട്രസ്റ്റി ലീലാ രാമമൂർത്തി, ചിന്മയ ശങ്കരം 2024 ഓർഗനൈസിങ് കമ്മിറ്റി മെമ്പർ എം.ഉണ്ണികൃഷ്ണൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# മൂന്നാറിൽ പരിശീലനത്തിനും, താമസത്തിനും സൗകര്യം ഒരുക്കി മിൽമ

**കൊച്ചി:** മിൽമ എറണാകുളം മേഖലാ യൂണിയന് കീഴിൽ മൂന്നാറിൻറെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വർഗ്ഗീസ് കുര്യൻ ട്രെയിനിംഗ് സെൻററിൽ ക്ഷീരസംഘം പ്രസിഡൻറുമാർ, ജീവനക്കാർ, സഹകരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ എന്നിവർക്കായി പരിശീലന പരിപാടികൾക്കുള്ള ട്രെയിനിംഗ് സെൻററും താമസത്തിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ടെന്ന് ചെയർമാൻ എം.ടി.ജയൻ അറിയിച്ചു.100 പേർക്ക് ഒരേസമയം പങ്കെടുക്കാൻ കഴിയുന്ന കോൺഫറൻസ് ഹാളും അനുബന്ധ സൗകര്യങ്ങളുമാണ് ട്രെയിനിംഗ് സെൻററിൽ ഉള്ളത് നാല് മുറികൾ ഉള്ള ആറ് കോട്ടേജുകളാണ് താമസത്തിനായി തയ്യാറാക്കിയിട്ടുള്ളത്. കോട്ടേജുകൾ താമസകൗര്യത്തിനായി ലഭിക്കുന്നതിന് ഒരാഴ്ച്ച മുൻപ് മേഖലാ യൂണിയൻ ഹെഡ് ഓഫീസിലെ എച്ച്.ആർ വിഭാഗത്തിൽ നേരിട്ടോ, തപാൽ മുഖേനയോ രേഖാമൂലം അറിയിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കായി രാവിലെ 10.00 മണിമുതൽ 05.00 മണിവരെ 04843502432, 3502433 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.അനുബന്ധരേഖകൾ സഹിതം മുൻകൂട്ടി ബുക്ക് ചെയ്യുന്ന ബന്ധപ്പെട്ട വിഭാഗത്തിലുള്ളവർക്കാണ് കോട്ടേജുകളും, ട്രെയിനിംഗ് ഹാളും ലഭ്യതക്കനുസരിച്ച് അനുവദിക്കുന്നത്. ഒരു കോട്ടേജിന് പ്രതിദിനം 2000/ രൂപ സർവ്വീസ് ചാർജ്ജ് മാത്രമാണ് ഈടാക്കുന്നത്.

സർക്കാർ ഏജൻസികൾക്കും, സഹകരണമേഖലയിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് കോൺഫറൻസ് ഹാളും, അനുബന്ധ ഉപകരണങ്ങളും പ്രതിദിനം 5000/ രൂപ സർവ്വീസ് ചാർജ്ജ് ഈടാക്കി അനുവദിക്കുന്നതാണെന്ന് ചെയർമാൻ എം.ടി.ജയൻ പറഞ്ഞു.

# വേനലവധിക്കാല ഓഫറുകളുമായി ആമസോൺ പേ

**കൊച്ചി:** ഈ വേനലവധിക്കാലത്ത് യാത്രപോകുന്നവർക്ക് മികച്ച ഓഫറുകളുമായി ആമസോൺ പേ. ഫ്ലൈറ്റുകൾ, ഹോട്ടൽ ബുക്കിംഗുകൾ, ക്യാബ്, ട്രാവൽ ഗാഡ്ജെറ്റുകൾ എന്നിവയിൽ മികച്ച വേനൽക്കാല ഓഫറുകളാണ് ആമസോണിലുള്ളത്.

ആമസോൺ പേയിൽ അന്താരാഷ്ട്ര ഫ്ലൈറ്റുകളിൽ 5000 രൂപ വരെയും ആഭ്യന്തര വിമാനങ്ങളിൽ 10% വരെയും ഇളവ്, ഹോട്ടൽ അക്കൊമൊഡേഷൻ ബുക്കിംഗിൽ 30% വരെ ഇളവ്, ഓല, ഉബർ ക്യാബ് ബുക്കിങ്ങിൽ ഒറ്റ ക്ലിക്കിൽ പേമെൻറ്, പ്രൈം മെംബേർസിന് ഉബർ റൈഡുകളിൽ 5% ക്യാഷ്ബാക്ക് എന്നിവ നേടാം. ഒപ്പം, ആമസോൺ പേ ഐസിഐസിഐ ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് പ്രൈം അംഗങ്ങൾക്ക് 5% വരെയും നോൺ പ്രൈം അംഗങ്ങൾക്ക് എല്ലാ പർച്ചേസുകളിലും 3% വരെ ക്യാഷ്ബാക്കും നേടാം.

കൂടാതെ ഫാഷൻ വസ്ത്രങ്ങൾ, സൺഗ്ലാസ്സുകൾ, ഫാഷൻ ആക്സസറികൾ, മോയിസ്ച്ചറൈസറുകൾ, ഐലൈനറുകൾ, കാജൽ, പ്രൈമർ, പെർഫ്യൂമുകൾ, ഫോൾഡബിൾ ഹെയർ ഡ്രൈയറുകൾ, മേക്കപ്പ് കിറ്റുകൾ എന്നിവയും ട്രാവൽ ബാഗുകൾ, ട്രാവൽ അഡാപ്റ്ററുകൾ, നോയിസ്കാൻസലിംഗ് ഹെഡ്!ഫോണുകൾ, പോർട്ടബിൾ ചാർജ്ജറുകൾ എന്നിവക്ക് ആമസോൺ പേ വഴി ആമസോൺ.ഇന്നിൽ മികച്ച ഓഫറുകളുമുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# റെസിഡൻസ് അസോസിയേഷനുകൾക്ക് സ്റ്റാറ്റ്യൂട്ടറി പദവി നൽകണം റാക്ക്

**കൊച്ചി :** സാധാരണക്കാരായ ജനങ്ങളുടെ ദൈനംദിന ജീവിത വിഷയങ്ങളിൽ സർക്കാരുകളുടെയും, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, വിവിധ സർക്കാർ ഡിപ്പാർട്ട്മെന്റുകൾ എന്നിവയുമായും സഹകരിച്ച് പ്രവർത്തിച്ച് വരുന്ന റെസിഡൻസ് അസോസിയേഷനുകൾക്ക് സ്റ്റാറ്റിയൂട്ടറി പദവി നൽകണമെന്ന ആവശ്യം എൽ ഡി എഫ് യു ഡി എഫ് സർക്കാറുകളുടെ മുൻപിൽ നിരവധി തവണ അവതരിപ്പിച്ചിട്ടുണ്ടെന്നും ഈ കാര്യത്തിൽ ഈ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും റെസിഡൻസ് അപ്പക്സ് കൗൺസിൽ ഓഫ് കേരള സംസ്ഥാന കമ്മിറ്റിയോഗം ആവശ്യപ്പെട്ടു. ജനങ്ങളുടെ ജീവിത സാഹചര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട വൈദ്യുതി വിതരണ മേഖല, കുടിവെള്ള വിതരണം എന്നിവ സ്വകാര്യമേഖലയിലേക്ക് മാറ്റുന്നതിനുള്ള തീരുമാനം കേരള സംസ്ഥാന സർക്കാരുകൾ പുനഃപരിശോധിക്കണം. ജീവിത ചെലവ് വർദ്ധനയുടെ അടിസ്ഥാനത്തിലുള്ള ശമ്പള വർദ്ധന, കൂലിവർധന എന്നിവയിൽ സ്വകാര്യമേഖല അടക്കം ജനങ്ങൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കണമെന്ന യോഗം ആവശ്യപ്പെട്ടു.

റാക്ക് അഞ്ചാമത് സംസ്ഥാന സമ്മേളനം 2024 മെയ് 26 തൃശൂരിൽ വെച്ച് സംഘടിപ്പിക്കുന്നു. ജനകീയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്ന സമ്മേളനത്തിൽ സംസ്ഥാന കൗൺസിൽ യോഗം, കമ്മിറ്റി തിരഞ്ഞെടുപ്പ്, വനിത വിഭാഗം സസ്ഥാന കൗൺസിൽ യോഗം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്സംസ്ഥാന ജനറൽ സെക്രട്ടറി ജോബ് ആഞ്ചേരിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം പ്രസിഡന്റ് ഹാഷിം പറക്കാടൻ ഉദ്ഘാടനം ചെയ്തു. കെ കെ അബ്ദുൽ നാസർ, കെ എം ഹുസൈൻ, ജെയ്മോൻ ജോസഫ്, ജോസ് പോൾ വിതയത്തിൽ, ഡി. ഗോപാലകൃഷ്ണൻ, പി ആർ ആർ എസ് അയ്യർ, ഗഫൂർ ടി മുഹമ്മദ്, വി കെ രാജു വട്ടത്താനം, ആന്റോ മാങ്കുട്ടം, എം ഒ ജോസഫ്, എം കെ രവീന്ദ്രൻ നായർ, ജയകുമാർ പന്തളം, സതീഷ് ചന്ദ്രൻ നായർ, ജയദേവൻ നായർ, ഡോ. അൻവറുദ്ദീൻ, രാമചന്ദ്രൻ, ഗീതാഭായി, ഐഷ ഹബീബ് എന്നിവർ പങ്കെടുത്തു.



# ടി വി സന്തോഷിന്റെ കലാപ്രദർശനം ഇന്നു മുതൽ ദർബാർ ഹാൾ കലാകേന്ദ്രത്തിൽ

**കൊച്ചി:** മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രശസ്ത മലയാളി കലാകാരൻ ടി വി സന്തോഷിന്റെ വിവിധ മാധ്യമങ്ങളിലുള്ള കലാസൃഷ്ടികളുടെ സോളോ പ്രദർശനം ഹിസ്റ്ററി ലാബ് ആൻഡ് ദി എലജി ഓഫ് വിസെറൽ ഇൻകാന്റേഷൻസ് ഇന്ന് വൈകീട്ട് കേരള ലളിതകലാ അക്കാദമിയുടെ ദർബാർ ഹാൾ കലാകേന്ദ്രത്തിൽ ആരംഭിക്കും.

വൈകീട്ട് 6 മണിക്ക് എൻ എസ് മാധവൻ ഉദ്ഘാടനം ചെയ്യും. ദർബാർ ഹാളിലെ രണ്ട് ഗാലറിയിലായി വുഡ്, ഓയിൽ, വാട്ടർ കളർ എന്നീ വിവിധ മാധ്യമങ്ങളിൽ മുപ്പതോളം ചിത്രങ്ങളും ശിൽപ്പങ്ങളും അവതരിപ്പിക്കുന്ന പ്രദർശനം തൃശൂർ കയ്പമംഗലം സ്വദേശിയായ സന്തോഷിന്റെ കേരളത്തിലെ ആദ്യ സോളോ പ്രദർശനമാണ്.

വെനീസ്, പ്രാഗ്, വാൻകൂവർ, മോസ്കോ, കൊളംബോ, ഹവാന, കൊച്ചി ബിനാലെകളിലും കലാസൃഷ്ടികൾ പ്രദർശിപ്പിച്ചിട്ടുള്ള സന്തോഷിന്റെ വലിയ രാഷ്ട്രീയ മാനങ്ങളുള്ളതും ലോക പ്രസിദ്ധവുമായ കലാസൃഷ്ടികൾക്ക് ആതിഥ്യമൊരുക്കുവാനയതിൽ അക്കാദമിക്ക് ഏറെ ചാരിതാർത്ഥ്യമുണ്ടെന്ന് ചെയർമാൻ മുരളി ചീരോത്ത് പറഞ്ഞു.

അക്കാദമി കേരളത്തിൽ ആതിഥ്യമരുളുന്ന കലാപ്രദർശനങ്ങളിലെ ഒരു നാഴികക്കല്ലാണ് ഹിസ്റ്ററി ലാബ് ആൻഡ് ദി എലജി ഓഫ് വിസെറൽ ഇൻകാന്റേഷൻസ്, അദ്ദേഹം പറഞ്ഞു.പ്രദർശനം മെയ് 20 വരെ നീണ്ടു നിൽക്കും. രാവിലെ 11 മുതൽ വൈകീട്ട് 7 വരെയാണ് ഗാലറി സമയം.




# മഹീന്ദ്ര എക്സ്‌യുവി 3എക്സ്ഒ പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര എസ്‌യുവി നിർമ്മാതാക്കളായ മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡ് എക്സ്‌യുവി 3എക്സ്ഒ പുറത്തിറക്കി. കോംപാക്റ്റ് എസ്‌യുവി വിഭാഗത്തിൽ പുതിയ മാനദണ്ഡങ്ങളുമായി വരുന്ന എക്സ്‌യുവി 3എക്സ്ഒ മികച്ച ഡിസൈൻ, പ്രീമിയം ഇന്റീരിയറുകൾ, സുഖപ്രദമായ യാത്ര, അത്യാധുനിക സാങ്കേതികവിദ്യ, മികച്ച പ്രകടനം, സുരക്ഷ എന്നിവ ലഭ്യമാക്കുന്നുവെന്ന് മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡ് ഓട്ടോമോട്ടീവ് വിഭാഗം പ്രസിഡന്റ് വീജയ് നക്ര പറഞ്ഞു.

വെല്ലുവിളി നിറഞ്ഞ ഡ്രൈവിംഗ് സാഹചര്യങ്ങളിൽ മികച്ച നിയന്ത്രണം ഉറപ്പാക്കുന്ന അത്യാധുനിക സുരക്ഷാ സംവിധാനങ്ങളായ ബ്ലൈൻഡ് വ്യൂ മോണിറ്ററോട് കൂടിയ 360ഡിഗ്രി സറൗ വ്യൂ സിസ്റ്റം, ഹിൽ ഹോൾഡ് കൺട്രോൾ, ഹിൽ ഡിസെന്റ് കൺട്രോൾ തുടങ്ങിയ പുതുതലമുറ ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ സംവിധാനവും ഈ വാഹനത്തിലുണ്ട്. മികച്ച പ്രകടനത്തിനും മികച്ച കാര്യക്ഷമതയ്ക്കും വേി രൂപകൽപ്പന ചെയ്തിരിക്കുന്ന ലോകോത്തര നിലവാരത്തിലുള്ള ടർബോ എഞ്ചിനാണ് എക്സ്‌യുവി 3എക്സോയ്ക്ക് കരുത്തേകുന്നത്. എംസ്റ്റാലിയൻ ടിജിഡിഐ, ടർബോ ഡീസൽ എഞ്ചിനുകൾ യഥാക്രമം 96 കിലോവാട്ട് പവറും (130 പിഎസ്) 230 എൻഎം ടോർക്കും, 85.8 കിലോവാട്ട് പവറും (117 പിഎസ്) 300 എൻഎം ടോർക്കും ഉത്പാദിപ്പിക്കുന്നവയാണ്.എംസ്റ്റാലിയൻ ടിജിഡിഐ എഞ്ചിന് 4.5 സെക്കൻഡിൽ 060 കി.മീ/മണിക്കൂർ വേഗത കൈവരിക്കാനാകും. മാനുവൽ ട്രാൻസ്മിഷനിൽ ഈ വിഭാഗത്തിലെ മികച്ച ഇന്ധനക്ഷമതയായ 20.1 കിലോമീറ്ററും ലഭിക്കും. 6 സ്പീഡ് മാനുവൽഓട്ടോമാറ്റിക് വകഭേദങ്ങളാണ് വാഹനത്തിനുള്ളത്.6 എയർബാഗുകൾ, 4 ഡിസ്ക് ബ്രേക്കുകൾ, സീറ്റ് ബെൽറ്റ് റിമൈൻഡർ, കുട്ടികളുടെ സുരക്ഷയ്ക്കായി പാസഞ്ചർ എയർബാഗ് ഓൺ/ഓഫ് സംവിധാനം, ടോപ്പ്ടെതർ ഉള്ള ഐഎസ്ഒഎഫ്ഐഎക്സ് ചൈൽഡ് സീറ്റുകൾ എന്നിവയോടെയാണ് എക്സ്‌യുവി 3എക്സ്ഒ എത്തുന്നത്. സെഗ്മെന്റിൽ ആദ്യമായി അഡാസ് ലെവൽ 2 സംവിധാനവും ഈ വാഹനത്തിലുണ്ട്.ആഗോള വിപണി ലക്ഷ്യമിട്ട് അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ചാണ് മഹീന്ദ്ര എക്സ്‌യുവി 3എക്സ്ഒ രൂപകൽപ്പന ചെയ്തതും വികസിപ്പിച്ചതും. 2024 മെയ് 15 മുതൽ മഹീന്ദ്ര ഡീലർഷിപ്പുകളിലും ഓൺലൈനായും എക്സ്‌യുവി 3എക്സ്ഒ ബുക്ക് ചെയ്യാം. 2024 മെയ് 26 മുതലാണ് വാഹനത്തിന്റെ ഡെലിവറി.7.49 ലക്ഷം രൂപ (എക്സ് ഷോറൂം) മുതലാണ് വില ആരംഭിക്കുന്നത്. എറ്റവും ഉയർന്ന വകഭേദത്തിന് 15.49 ലക്ഷം രൂപയുമാണ് എക്സ്ഷോറൂം വില. ഓട്ടോമാറ്റിക് വകഭേദത്തിന്റെ വില 9.99 ലക്ഷത്തിൽ ആരംഭിക്കും.

# ദേവയാനം ചിത്ര,ശിൽപ പ്രദർശനത്തിന് തുടക്കം

**കൊച്ചി:** ചിത്രകാരനും ശിൽപിയും കലാചിന്തകനുമായിരുന്ന എം വി ദേവന്റെ സ്മരണകൾ ഉണർത്തി 'ദേവയാനം' ചിത്രപ്രദർശനത്തിന് തുടക്കമായി. മുപ്പത്തിനാല് കലാകാരൻമാരുടെ സൃഷ്ടികൾ ഉൾപ്പെടുത്തിയ ചിത്രശിൽപ പ്രദർശനത്തിന് മഹാകവി ജി സ്മാരക സാംസ്കാരിക കേന്ദ്രത്തിലാണ് തുടക്കമായത്. ടി കലാധരൻ, അക്കിത്തം നാരായണൻ, പി ഗോപിനാഥ്, കെ കെ ശശി, ജി രാജേന്ദ്രൻ, ബിനുരാജ് കലാപീഠം തുടങ്ങിയ കലാകാരൻമാരുടെ ചിത്രങ്ങളാണ് എം വി ദേവന് ആദരമർപ്പിച്ച് ഒരുക്കിയിട്ടുള്ളത്. പ്രശസ്ത കലാകാരൻ ശ്രീ ബാലൻ നമ്പ്യാർ ഒരുക്കിയ, തെയ്യത്തിന്റെ മുടിയെ സൂചിപ്പിക്കുന്ന ശിൽപവും ഗ്യാലറിയിൽ ഒരുക്കിയിട്ടുണ്ട്. പ്രദർശനം മെയ് 07 ചൊവ്വാഴ്ച വരെ മഹാകവി ജി സ്മാരക സാംസ്കാരിക കേന്ദ്രത്തിൽ നടക്കും. ചിത്രപ്രദർശനത്തിന്റെ ഉദ്ഘാടനം കൊച്ചി മേയർ അഡ്വ എം അനിൽകുമാർ നിർവഹിച്ചു. ചടങ്ങിൽ ഏഷ്യൻ ആർട്സ് സെന്ററും പൗർണമി ആർട് ഗ്യാലറിയും ചേർന്ന് ഏർപ്പെടുത്തിയ മൂന്നാമത് എം വി ദേവൻ പുരസ്കാരം കലാനിരൂപകനും ചിത്രകാരനും കവിയുമായ എം രാമചന്ദ്രന് മേയർ സമ്മാനിച്ചു. കൊച്ചി നഗരസഭ ആർട്ട്സ് സ്പേസ് കൊച്ചിയുടേയും ലളിത കലാ അക്കാദമിയുടെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ഡോ. മഹേഷ് മംഗലാട്ട് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കേരള ലളിത കലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത് മുഖ്യാതിഥിയായി. പ്രൊഫ. എം തോമസ് മാത്യു അനുസ്മരണ പ്രഭാഷണം നടത്തി. കേരള ലളിത കലാ അക്കാദമി സെക്രട്ടറി എൻ ബാലമുരളീകൃഷ്ണൻ, പ്രൊഫ. സി എസ് ജയറാം, ടി കലാധരൻ, സിഹെഡ് ഡയറക്ടർ ഡോ രാജൻ, ബിനുരാജ് കലാപീഠം, സുരേഷ് കൂത്തുപറമ്പ, എം രാമചന്ദ്രൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# വിരാട് കോഹ്‌ലി നിയോ ഭാരത് ലാറ്റക്സ് പെയിന്റ് ബ്രാൻഡ് അംബാസിഡർ




**കൊച്ചി:** ഇന്ത്യയിലെ മുൻനിര പെയിന്റ് ആൻഡ് ഡെക്കർ കമ്പനിയായ ഏഷ്യൻ പെയിന്റ്സ്, തങ്ങളുടെ വരാനിരിക്കുന്ന പുതിയ ലോഞ്ചായ നിയോ ഭാരത് ലാറ്റക്സ് പെയിന്റിന്റെ ബ്രാൻഡ് അംബാസഡറായി ക്രിക്കറ്റ് ഐക്കണായ വിരാട് കോഹ്‌ലിയെ നിയോഗിച്ചു. വിപണിയിലെ ഒരു പയനിയർ എന്ന നിലയിൽ, പതിവ് രീതികളെ പുനർനിർവചിക്കുന്ന നൂതന ഉൽപ്പന്നങ്ങൾ ഏഷ്യൻ പെയിന്റ്സ് സ്ഥിരമായി അവതരിപ്പിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽ വീണ്ടും ഒരു വിപ്ലവം സൃഷ്ടിക്കാനാണ് നിയോ ഭാരത് ലാറ്റക്സ് പെയിന്റ് ഒരുങ്ങുന്നതെന്ന് ഏഷ്യൻ പെയിന്റ്സ് ലിമിറ്റഡിന്റെ സിഇഒയും എംഡിയുമായ അമിത് സിംഗിൾ പറഞ്ഞു.ഈ മികച്ച ബ്രാൻഡിന്റെ മുഖമെന്ന നിലയിൽ കോഹ്‌ലി വരുന്നതും ഞങ്ങളുടെ ആവേശം വർധിപ്പിക്കുന്നു. . പെയിന്റ് മേഖലയെ പുനർനിർവചിക്കുക മാത്രമല്ല, ഇന്ത്യയിലെ വ്യവസായത്തിന്റെ വളർച്ചയ്ക്ക് തന്നെ ഇന്ധനം നൽകാൻ നിയോ ഭാരത് സജ്ജമാണ്. വിരാട് കോഹ്‌ലിയെ ഞങ്ങൾ ഏഷ്യൻ പെയിന്റ്സ് കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുകയും ഒരുമിച്ച് ഉള്ളൊരു യാത്രയ്ക്കായി കാത്തിരിക്കുകയും ചെയ്യുന്നു.നേതൃത്വത്തിനും പുതുമയ്ക്കും ശക്തമായ മൂല്യങ്ങൾക്കും പേരുകേട്ട ഒരു ബ്രാൻഡുമായി സഹകരിക്കുന്നതിൽ ഞാൻ ശരിക്കും ആവേശഭരിതനാണെന്ന് വിരാട് കോഹ് ലി പറഞ്ഞു.

# ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ ലാഭം 2,957 കോടി രൂപ

**കൊച്ചി:** ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ ഡയറക്ടർമാരുടെ ബോർഡ്, ത്രൈമാസികവും വർഷാന്ത്യവും കൂടിയുള്ള മാർച്ച് 31, 2024ലെ ഓഡിറ്റ് ചെയ്ത ധനകാര്യ ഫലങ്ങൾ പ്രഖ്യാപിച്ചു. നികുതിയ്ക്ക് ശേഷമുള്ള നികുതി 2023 സാമ്പത്തിക വർഷത്തിലെ 2,437 കോടി രൂപയിൽ നിന്ന് 24 സാമ്പത്തിക വർഷത്തിലെ 2,957 കോടി രൂപയിലേക്ക് 21% വർഷാവർഷം വർധിച്ചു.






## ബിരുദദാന ചടങ്ങു സംഘടിപ്പിച്ചു

**കൊച്ചി:** ഐഐഎം സമ്പൽപൂരിലെ എക്സിക്യൂട്ടീവ് എംബിഎയുടെ ആദ്യ ബാച്ചിൻറേയും എംബിഎ എട്ടാം ബാച്ചിൻറേയും ബിരുദദാന ചടങ്ങിൽ 236 പേർക്കു ബിരുദം സമ്മാനിച്ചു. എംബിഎ ബാച്ചിലെ ആദ്യ പത്തു പേരിൽ ആറുപേരും സംവരണ വിഭാഗങ്ങളിൽ നിന്നുള്ളവരായിരുന്നു. ബന്ധൻ ബാങ്ക് സ്ഥാപകനും മാനേജിങ് ഡയറക്ടറുമായ ചന്ദ്രശേഖർ ഘോഷ് മുഖ്യാതിഥിയായി. സെൽഫോഴ്സ് ഇന്ത്യ ചെയർമാൻ അരുന്ധതി ഭട്ടാചാര്യ, ഐഐഎം സമ്പൽപൂർ ഡയറക്ടർ പ്രൊഫ. മഹാദിയോ ജെയ്സ്വാൾ അടക്കമുള്ള പ്രമുഖ വ്യക്തികൾ പങ്കെടുത്തു.

## വിദ്യാഭ്യാസ ധനസഹായം

കൊച്ചി:ശ്രീനാരായണ സേവാസംഘം നിർദ്ധനരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നു. അർഹരായ വിദ്യാർത്ഥികൾ നിർദ്ദിഷ്ഠ ഫാറത്തിൽ അപേക്ഷ പൂരിപ്പിച്ച് മെയ് 9 ന് മുമ്പായി സംഘം ഓഫീസിൽ എത്തിക്കണം. മെയ് 12 ന് രാവിലെ 10 മണിക്ക് സഹോദര സൗധത്തിൽ നടക്കുന്ന കരിയർ ഗൈഡൻസ് ക്ലാസ്സിൽ വച്ച് ധന സഹായം വിതരണം ചെയ്യും. വിശദ വിവരങ്ങൾക്ക് 8590518053 നമ്പറിൽ ബന്ധപെടുക.

## ഇടപ്പള്ളി തിരുന്നാൾ: ഗീവർഗ്ഗീസ് സഹദായുടെ തിരുസ്വരൂപം ഇന്ന് എഴുന്നള്ളിക്കും

**കൊച്ചി:** ഇടപ്പള്ളി ഫൊറാനോ പള്ളിയിലെ തിരുനാളിനോടനുഹബന്ധിച്ച് വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ തിരുസ്വരൂപം ഇന്ന് പന്തലിലേക്ക് എഴുന്നള്ളിക്കും. വാദ്യമേളങ്ങളുടെയും കത്തിച്ച മെഴുകുതിരികളുടെയും അകമ്പടിയോടെ വൈകിട്ട് നാരലയ്ക്കാണ് ബൈബിൾ ചിത്രങ്ങൾ ആലേഖനം ചെയ്ത രഥത്തിൽ തിരുസ്വരൂപം എഴുന്നള്ളിക്കുന്നത്.മലരും വെറ്റിലയും വിതറി വിശ്വാസികൾ വിശുദ്ധന്റെ തിരുസ്വരൂപം എതിരേൽക്കും. ഈ മാസം മൂന്ന്, നാല് തിയതികളിലാണ് തിരുന്നാൾ.

## കൊച്ചി മെട്രോ സർവ്വീസ് രാത്രി 11 മണി വരെ

**കൊച്ചി:** ഇടപ്പള്ളി സെന്റ് ജോർജ് ഫൊറോന പള്ളിയിൽ തിരുനാളിൽ പങ്കെടുക്കാനെത്തുന്നവർക്കായി കൊച്ചി മെട്രോ സർവ്വീസ് നീട്ടുന്നു. മെയ് 3 മുതൽ 11 വരെയാണ് സർവ്വീസ് സമയം നീട്ടുക.

ഈ ദിവസങ്ങളിൽ ഇടപ്പള്ളി മെട്രോ സ്റ്റേഷനിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കുമുള്ള അവസാന ട്രെയിൻ സർവ്വീസ് രാത്രി 11 മണിക്ക് ആയിരിക്കും. സെന്റ് ജോർജ് ഫൊറോന പള്ളി അധികാരികളിൽ നിന്നുള്ള അഭ്യർത്ഥന പരിഗണിച്ചാണ് തിരുനാളിനോടനുബന്ധിച്ച് കൊച്ചി മെട്രോ സർവ്വീസ് നീട്ടുന്നത്.

## എസ്ബിഐ ലൈഫ് ഇൻഷുറൻസ്: ബിസിനസ് പ്രീമിയം 38,238 കോടി രൂപ കടന്നു

**കൊച്ചി:** രാജ്യത്തെ മുൻനിര ലൈഫ് ഇൻഷുറൻസ് സ്ഥാപനങ്ങളിൽ ഒന്നായ എസ്ബിഐ ലൈഫ് ഇൻഷുറൻസിന്റെ പുതിയ ബിസിനസ് പ്രീമിയം 38,238 കോടി രൂപ കടന്നതായി 2024 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. 2023 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷം ഇത് 29,589 കോടി രൂപയായിരുന്നു. സിംഗിൾ പ്രീമിയം മുൻവർഷത്തേക്കാൾ 44 ശതമാനം വർദ്ധിച്ചു.

## മെയ് ദിനറാലിയും സെമിനാറും ഇന്ന്

**കൊച്ചി:** ഓൾ കേരള ടെയ്‌ലേഴ്സ് അസ്സോസിയേഷൻ ( എ കെ ടി എ ) എറണാകുളം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മെയ് ദിന റാലിയും സെമിനാറും ഇന്ന് നടക്കും. പാലാരിവട്ടം ജംഗ്ഷനിൽ നിന്നും രാവിലെ 9 . 30 റാലി ആരംഭിക്കു. തുടർന്ന് പാലാരിവട്ടം പൈപ്പ് ലൈൻ ജംഗ്ഷനിൽ സെമിനാർ നടക്കും.

ജില്ലാ സെക്രട്ടറി എ എസ് കുട്ടപ്പൻ ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് ടി ആർ നളിനാക്ഷൻ അധ്യക്ഷത വഹിക്കും.

# ടൈറ്റൻ സെറാമിക് ഫ്യൂഷൻ ഓട്ടോമാറ്റിക് വാച്ചുകളുടെ പുതിയ ശേഖരം പുറത്തിറക്കി

**കൊച്ചി:** ടൈറ്റൻ തങ്ങളുടെ പുതിയ സെറാമിക് ഫ്യൂഷൻ ഓട്ടോമാറ്റിക് വാച്ച് ശേഖരം വിപണിയിലവതരിപ്പിച്ചു. സെറാമിക് നിർമിതിയുടെയും ഓട്ടോമാറ്റിക് മൂവ്മെൻറുകളുടെയും വൈദഗ്ദ്ധ്യം ഒത്തു ചേരുന്നവയാണ് ഈ ശേഖരം. സെറാമികിൻറെ സവിശേഷതകളായ ഈടുനിൽപ്പ്, പാടുകൾ വീഴുന്നതിനെ ചെറുത്തു നിൽക്കൽ, കുറഞ്ഞ ഭാരം, ഹൈപോഅലർജനിക് സ്വഭാവങ്ങൾ, വിവിധ നിറങ്ങൾ തുടങ്ങിയവക്കൊപ്പം ടൈറ്റൻറെ ഓട്ടോമാറ്റിക് സവിശേഷതകളും ഒത്തു ചേർത്ത് രൂപപ്പെടുത്തിയതാണ് പുതിയ സെറാമിക് ഫ്യൂഷൻ ഓട്ടോമാറ്റിക്സ് വാച്ച് ശേഖരം.ടൈറ്റൻറെ ഇൻഹൗസ് 7എ20എസ് മൂവ്മെൻറിനൊപ്പം 22 രത്നങ്ങളും ചേർത്ത് രൂപ



കൽപ്പന ചെയ്തിരിക്കുന്ന ഈ വാച്ചുകൾ ദിവസവും 10 സെക്കൻഡ് മുതൽ +30 സെക്കൻഡ് വരെയുള്ള കൃത്യതയും ശക്തമായ 36 മണിക്കൂർ പവർ റിസർവ്വും നൽകും. സ്കെലിറ്റൽ ഡയൽ ഫെയിസ് സങ്കീർണ്ണമായ ഓട്ടോമാറ്റിക് മൂവ്മെൻറ് ഭംഗിയായി കാണിക്കുന്നു. ഡോമ്ഡ് ക്രിസ്റ്റൽ ഗ്ലാസോടു കൂടിയ കോൺകേവ്, സ്ക്വയർ ഡയലുകളാണ് സെറാമിക് ഫ്യൂഷൻ ഓട്ടോമാറ്റിക് വാച്ചുകളുടെത്. ഡ്യുവൽ ടോൺ സോളിഡ് ലിങ് സ്റ്റെയിൻലെസ് സ്റ്റീൽസെറാമിക് ബ്രേസ്‌ലെറ്റുകളോടു കൂടിയ ഈ വാച്ചുകൾ ഓട്ടോമാറ്റിക് വൈദഗ്ധ്യത്തിൻറെയും ചിക്ക് സെറാമിക് ഭംഗിയുടെയും മികച്ച സംയോജനമാണ്.24,995 മുതൽ 26,995 രൂപ വരെയാണ് സെറാമിക് ഫ്യൂഷൻ ഓട്ടോമാറ്റിക്സ് വാച്ച് ശേഖരത്തിലെ വാച്ചുകളുടെ വില. ടൈറ്റൻ സ്റ്റോറുകളിലും www.titan.co.in ലും ഈ ശേഖരം ലഭ്യമാണ്.

## സീ ഫുഡ് ഫെസ്റ്റിവലുമായി ഒ ബൈ താമര

**തിരുവനന്തപുരം:** കടൽ വിഭവങ്ങളുടെ കൊതിയൂറും രുചികളുമായി സീ ഫുഡ് പ്രേമികളെ സ്വാഗതം ചെയ്ത് തിരുവനന്തപുരം ഒ ബൈ താമര. മെയ് 1 മുതൽ 5 വരെ വൈകിട്ട് 7 മണി മുതൽ രാത്രി 10.30 വരെ നടക്കുന്ന സീ ഫുഡ് ഫെസ്റ്റിവലിൽ വിവിധ മത്സ്യ വിഭവങ്ങൾ ആസ്വദിക്കാം. തനത് കേരള രുചികൾക്ക് പുറമേ, ഓറിയന്റൽ, വെസ്റ്റേൺ വിഭവങ്ങളും സീഫുഡ് ഫെസ്റ്റിവലിൽ അണിനിരത്തും. സീഫുഡ് ഗ്രില്ലുകൾ, ലൈവ് കൗണ്ടറുകൾ എന്നിവ ഫെസ്റ്റിവലിന്റെ പ്രധാന സവിശേഷതകളാണ്. ഗ്രിൽഡ് പ്രേണ്‍സ് മുതൽ രുചികരമായ ഫിഷ് ഫില്ലറ്റുകൾ വരെയുള്ള വിവിധങ്ങളായ മത്സ്യ വിഭവങ്ങളും ബുഫെയിൽ ലഭ്യമായിരിക്കും. സീ ഫുഡ് ലക്സ് കൗണ്ടർ, ഇന്റർനാഷണൽ സീ ഫുഡ് ഗ്രിൽ, നാടൻ സീ ഫുഡ് ഫ്രൈ, കുട്ടനാടൻ ഞണ്ട് റോസ്റ്റ്, ചെമ്മീൻ കാന്താരി പെരളൻ തുടങ്ങിയവയാണ് സീ ഫുഡ് ഫെസ്റ്റിവലിലെ പ്രധാന വിഭവങ്ങൾ. മുതിർന്നവർക്ക് 1899 രൂപയും, 6 മുതൽ 12 വയസ്സുവരെയുള്ള കുട്ടികൾക്ക് 1100 രൂപയുമാണ് സീ ഫുഡ് ഫെസ്റ്റിവലിന്റെ നിരക്കുകൾ.

# ഡ്രോൺ സോക്കർ ഇന്ത്യയിലേക്കെത്തുന്നു

**ന്യൂഡൽഹി:** ഏരിയൽ റോബോട്ടിക്സിന്റെ ആവേശവും സോക്കറിന്റെ മത്സര മനോഭാവവും സംയോജിക്കുന്ന നൂതന കായിക വിനോദം ഡ്രോൺ സോക്കർ ഇന്ത്യയിൽ ഔദ്യോഗിക അരങ്ങേറ്റം നടത്തി.

ഡ്രോൺ സോക്കർ ചടുലത, തന്ത്രം, ആവേശം എന്നിവയുടെ ചലനാത്മകമായ ഒരു മിശ്രിതം അവതരിപ്പിക്കുന്നു. ഡ്രോൺ സോക്കറിൽ ഏരിയൽ തന്ത്രങ്ങളിലൂടെ കളിക്കാരൻ ഗോളുകൾ നേടുന്നു. വേഗതയേറിയ ഗെയിംപ്ലേയും പ്രവേശനക്ഷമതയും ഉള്ളതിനാൽ, പരിചയസമ്പന്നരായ ഗെയിമർമാരും പുതുമുഖങ്ങളും ഉൾപ്പെടെ വിവിധ പ്രായ വിഭാഗങ്ങളെ (06 വയസ്സ് മുതൽ 75 വയസ്സ് വരെ) ആകർഷിക്കുന്ന ഒരു പുതിയ ഹൈബ്രിഡ് കായിക വിനോദമാണ് ഡ്രോൺ സോക്കർ.

ഫെഡറേഷൻ ഓഫ് ഇന്റർനാഷണൽ ഡ്രോൺ സോക്കർ അസോസിയേഷൻസ് (എഫ്ഐഡിഎ), ഫിഫയോട് സാമ്യമുള്ളതാണ്, ഡ്രോൺ സോക്കറിനെ ലോക വേദിയിലേക്ക് നയിക്കുന്നതിനുള്ള ആഗോള അതോറിറ്റിയായി നിലകൊള്ളുന്നു. 20ലധികം അംഗരാജ്യങ്ങൾ പ്പെടുന്ന ഫെഡറേഷൻ ശ് ഭൂഖണ്ഡങ്ങളിലുടനീളം ഡ്രോൺ സോക്കറിന്റെ പ്രൊമോഷനും നിയന്ത്ര




ണവും നയിക്കുന്നു.

2025ൽ സംഘടിപ്പിക്കുന്ന പ്രഥമ ഡ്രോൺ സോക്കർ ലോകകപ്പിന് കൊറിയ ആതിഥേയത്വം വഹിക്കും. പ്രത്യേകം നിർമിച്ച സ്റ്റേഡിയത്തിലാണ് മൽസരങ്ങൾ നടക്കുക.

ഡ്രോൺ സോക്കർ അസോസിയേഷൻ ഇന്ത്യ (ഡിഎസ്എഐ) ഫിഡയുടെ ഒരു സ്ഥാപക അംഗമാണ് രാജ്യത്തിനകത്ത് ഡ്രോൺ സോക്കർ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും സംഘടിപ്പിക്കുന്നതിനുമുള്ള പ്രത്യേക അവകാശങ്ങളുള്ള ഡിഎസ്എഐ, ദേശീയ അന്തർദേശീയ ലീഗുകൾ, ടൂർണമെന്റുകൾ, വരാനിരിക്കുന്ന ലോകകപ്പിൽ മത്സരിക്കാൻ ഇന്ത്യൻ ടീമിനെ തിരഞ്ഞെടുത്ത് അയയ്ക്കൽ എന്നിവയുടെ ഉത്തരവാദിത്തം വഹിക്കുന്നു.

ഡിഎസ്എഐയുടെ പരിശീലനം, വിൽപ്പന, വിപണനം എന്നിവയുടെ നട്ടെല്ലായി പ്രവർത്തിക്കുന്ന ഡ്രോൺ ഡെസ്റ്റിനേഷൻ, ഡ്രോൺ സോക്കർ കഴിവുകൾ വികസിപ്പിക്കുന്നതിനും ഡ്രോൺ സോക്കർ അറീനകളും അക്കാദമികളും സ്ഥാപിക്കുന്നതിനും അതുപോലെ തന്നെ ഡ്രോൺ സോക്കർ ഉപകരണങ്ങളുടെ വിൽപ്പന, വിപണന ശ്രമങ്ങൾ നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള വിവിധ പരിശീലന പരിപാടികൾ സുഗമമാക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയിൽ ഡ്രോൺ സോക്കറിന്റെ വളർച്ചയും വികാസവും പ്രോത്സാഹിപ്പിക്കുന്നതിൽ ഡ്രോൺ ഡെസ്റ്റിനേഷൻ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

# ചന്ദ്രഹാസൻ വടുതല വിരമിച്ചു



**കൊച്ചി:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ചന്ദ്രഹാസൻ വടുതല സർവീസിൽ നിന്ന് വിരമിച്ചു.

എറണാകുളം വടുതല സ്വദേശിയായ അദ്ദേഹം എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസറായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഇൻഫർമേഷൻ ഓഫീസറായും കാക്കനാട് മീഡിയ അക്കാദമി സെക്രട്ടറിയായും പ്രവർത്തിച്ചു.

പത്രപ്രവർത്തന രംഗത്തു നിന്നാണ് അദ്ദേഹം പബ്ലിക് റിലേഷൻസ് വകുപ്പിലെത്തുന്നത്.

മുൻ രാജ്യസഭാ എംപിയും എഴുത്തുകാരനും പബ്ലിക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയറക്ടറുമായിരുന്ന ടി.കെ.സി. വടുതലയുടെ മകനാണ്. ഭാര്യ ശ്രീകല. മക്കൾ ശ്രീചന്ദന, ശ്രീനന്ദന.

കാക്കനാട് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ചേർന്ന യാത്രയയപ്പ് യോഗത്തിൽ പി ആർ ഡി തൃശൂർ ഡെപ്യൂട്ടി ഡയറക്ടർ വി ആർ സന്തോഷ്, എറണാകുളം ജില്ല ഇൻഫർമേഷൻ ഓഫീസർ എൻ ബി ബിജു, ആലപ്പുഴ ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ എസ് സുമേഷ്, അസിസ്റ്റന്റ് എഡിറ്റർ സി.ടി ജോൺ, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം ഓഫീസുകളിലെ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരായ സൗമ്യ ചന്ദ്രൻ, എ ടി രമ്യ, എം എൻ സുനിൽകുമാർ എന്നിവരും ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, എറണാകുളം, ആലപ്പുഴ ജില്ലകളിലെ ഇൻഫർമേഷൻ ഓഫീസ് ജീവനക്കാരും പങ്കെടുത്തു.

# സി.വി. പാപ്പച്ചൻ അവാർഡ് 2024 എൻട്രി ക്ഷണിക്കുന്നു

**കൊച്ചി:** എറണാകുളം പ്രസ് ക്ലബിന്റെ സ്ഥാപകരിൽ പ്രമുഖനും മാധ്യമ പ്രവർത്തകനുമായിരുന്ന ശ്രീ. സി.വി. പാപ്പച്ചന്റെ സ്മരണാർഥം അദ്ദേഹത്തിന്റെ കുടുംബം എറണാകുളം പ്രസ് ക്ലബിൽ ഏർപ്പെടുത്തിയിട്ടുള്ള സി.വി. പാപ്പച്ചൻ അവാർഡിന് എൻട്രി ക്ഷണിക്കുന്നു.

കാലാവസ്ഥയും പരിസ്ഥിതി സംരക്ഷണവും ആധാരമാക്കിയുള്ള ദൃശ്യ മാധ്യമ റിപ്പോർട്ടിനാണ് 2024 ലെ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. മലയാളം ടി.വി ചാനലുകളിൽ 2023 ജനുവരി ഒന്നിനും 2023 ഡിസംബർ 31 നും ഇടയിൽ സംപ്രേഷണം ചെയ്ത ഏഴു മിനിറ്റിൽ കവിയാത്ത റിപ്പോർട്ടാണ് പരിഗണിക്കുക. 20,000 രൂപയും പ്രശസ്തിപത്രവും ശിൽപവും അടങ്ങുന്നതാണ് അവാർഡ്.

സംപ്രേഷണം ചെയ്ത റിപ്പോർട്ടിന്റെ പെൻ ഡ്രൈവ് ന്യൂസ് എഡിറ്റർ സാക്ഷ്യപ്പെടുത്തിയ കത്ത് സഹിതമാണ് അയക്കേണ്ടത്. എൻട്രിയോടൊപ്പം ടൈറ്റിൽ, ഉള്ളടക്കം, ദൈർഘ്യം, വിവരണ പാഠം എന്നിവ എഴുതി നൽകണം. എൻട്രി 2024 മേയ് 20 തിങ്കളാഴ്ച വൈകീട്ട് അഞ്ചിന് മുമ്പ് സെക്രട്ടറി, എറണാകുളം പ്രസ് ക്ലബ്, പ്രസ് ക്ലബ് റോഡ്, കൊച്ചി11 എന്ന വിലാസത്തിൽ ലഭിക്കണം.

കവറിന് പുറത്ത് സി.വി. പാപ്പച്ചൻ അവാർഡ് എൻട്രി എന്ന് രേഖപ്പെടുത്തിയിരിക്കണം.

# പങ്കാളിത്ത ഉൽപ്പന്നങ്ങൾക്ക് 1383 കോടി ബോണസ് പ്രഖ്യാപിച്ച് ബജാജ് അലയൻസ് ലൈഫ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യ ഇൻഷുറൻസ് കമ്പനികളിലൊന്നായ ബജാജ് അലയൻസ് ലൈഫ് തുടർച്ചയായി 23ാം വർഷവും ബോണസ് പ്രഖ്യാപിച്ചു. കമ്പനിയുടെ പങ്കാളിത്ത ഉൽപ്പന്നങ്ങളിൽ നിക്ഷേപിച്ച 11.66 ലക്ഷത്തിലധികം പോളിസി ഉടമകൾക്ക് 1383 കോടി രൂപയാണ് ബോണസ് നൽകുന്നത്. കമ്പനിയുടെ എക്കാലത്തെയും ഉയർന്ന ബോണസ് പ്രഖ്യാപനമാണിത്.

2024 മാർച്ച് 31 മുതൽ പ്രാബല്യത്തിലുള്ള എല്ലാ പങ്കാളിത്ത പോളിസികൾക്കും ഈ ബോണസ് ലഭിക്കാൻ അർഹതയുണ്ട്. ബജാജ് അലയൻസ് ലൈഫ് ഫ്ളക്സി ഇൻകം ഗോൾ, ബജാജ് അലയൻസ് എലൈറ്റ് അഷ്വർ, ബജാജ് അലയൻസ് ലൈഫ് എയ്സ് തുടങ്ങിയ പങ്കാളിത്ത ഉൽപ്പന്നങ്ങളുടെ പോളിസി ഹോൾഡർമാർക്ക് പ്രഖ്യാപിച്ച ബോണസിൽ നിന്ന് പ്രയോജനം ലഭിക്കും. 2023 സാമ്പത്തിക വർഷത്തിലെ ബോണസായ 1201 കോടിയിൽ നിന്നും 15% വർധനവാണ് 2024 സാമ്പത്തിക വർഷത്തിലുള്ളത്.

ഓരോ സാമ്പത്തിക വർഷത്തിലും പ്രഖ്യാപിച്ച ബോണസുകൾ പോളിസി മെച്യൂരിറ്റി അല്ലെങ്കിൽ എക്സിറ്റ് ചെയ്യുമ്പോൾ ശേഖരിക്കപ്പെടുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ പോളിസി വ്യവസ്ഥകൾക്ക് അനുസൃതമായി നിർദ്ദിഷ്ട പോളിസി ഇവന്റുകൾക്ക് ക്യാഷ് ബോണസ് നൽകും.

# ഡെങ്കിപ്പനി തടയാൻ ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇടവിട്ടുള്ള മഴ ഡെങ്കിപ്പനി വ്യാപനത്തിന് സാധ്യതയുള്ളതിനാൽ അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വേനൽ മഴയും തുടർന്ന് മഴക്കാലവും വരുന്നതോടെ മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ ഡെങ്കിപ്പനി വ്യാപനത്തിന് ഏറെയാണ്. അതിനാൽ വകുപ്പുകൾ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണം. കേരള പൊതുജനാരോഗ്യ നിയമമനുസരിച്ച് യോഗങ്ങൾ ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. മെഡിക്കൽ ഓഫീസർ പബ്ലിക് ഹെൽത്ത് ഓഫീസറായതിനാൽ യോഗം ചേർന്ന് പ്രാദേശികമായി പ്രവർത്തനങ്ങൾ നടത്തണം. തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് തുടർച്ചയായ പ്രവർത്തനങ്ങൾ നടത്തണം. വാർഡ്തല സാനിറ്ററി കമ്മിറ്റികളുടെ പ്രവർത്തനം ശക്തമാക്കണം. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളും കൊതുകിന്റെ ഉറവിട നശീകരണവും വളരെ പ്രധാനമാണ്. ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും മന്ത്രി നിർദേശം നൽകി.

ഉഷ്ണ തരംഗത്തിന്റെ നിലവിലെ സാഹചര്യവും മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളും മന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്തു. ആരോഗ്യ ജാഗ്രത കലണ്ടർ അനുസരിച്ചുള്ള ഡ്രൈ ഡേ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടത്താൻ മന്ത്രി നിർദേശം നൽകി. ഇടവിട്ടുള്ള മഴ, അമിതമായ ചൂട്, കാലാവസ്ഥ വ്യതിയാനം എന്നിവ കാരണം പലതരം പകർച്ചവ്യാധികളുണ്ടാകാൻ സാധ്യതയുണ്ട്. അതനുസരിച്ചുള്ള ജാഗ്രത പാലിക്കണം. ഡെങ്കിപ്പനി ചെറുതായി വർധിച്ചു വരുന്നതായാണ് സൂചന. തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട്, തൃശൂർ ജില്ലകൾ വളരെയധികം ശ്രദ്ധിക്കണം. തദ്ദേശ സ്ഥാപന തലത്തിൽ ആക്ഷൻ പ്ലാൻ രൂപീകരിച്ച് പ്രവർത്തനം ശക്തമാക്കാൻ നിർദേശം നൽകി. വീടിനും സ്ഥാപനങ്ങൾക്കും അകത്തും പുറത്തും വെള്ളം കെട്ടി നിർത്താനുള്ള സാഹചര്യം ഒഴിവാക്കണം. ഡെങ്കിപ്പനി പ്രതിരോധം എല്ലാവരുടേയും ഉത്തരവാദിത്തമാണ്.

എലിപ്പനി ഏറെ ശ്രദ്ധിക്കണം. മലിന ജലത്തിലിറങ്ങുന്നവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സി സൈക്ലിൻ കഴിക്കണം. ആശുപത്രികളിൽ മരുന്നുകളുടെ സ്റ്റോക്ക് ഉറപ്പ് വരുത്തണം.

എച്ച് 1 എൻ 1, ചിക്കൻ പോക്സ്, ഹെപ്പറ്റൈറ്റിസ്, മലമ്പനി, ജലജന്യ രോഗങ്ങൾ തുടങ്ങിയവയും റിപ്പോർട്ട് ചെയ്യുന്നുണ്ട്. അതിഥി തൊഴിലാളികളിലുൾപ്പെടെ മലമ്പനി റിപ്പോർട്ട് ചെയ്തതിനാൽ പ്രതിരോധം ശക്തമാക്കണം. തൊഴിൽ വകുപ്പിന്റെ സഹകരണത്തോടെ അവബോധം ശക്തമാക്കും. ഭക്ഷ്യ സുരക്ഷാ പരിശോധനകൾ ശക്തമാക്കും. താറാവുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങളും ശക്തമായി തുടരുന്നു. സംസ്ഥാന തലത്തിൽ പക്ഷിപ്പനി പ്രതിരോധത്തിന് എസ്.ഒ.പി. തയ്യാറാക്കാൻ നിർദേശം നൽകി. കോഴിക്കോട്, വയനാട് ജില്ലകളിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കും.

ഉഷ്ണ തരംഗം തുടരുന്നതിനാൽ രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണിവരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കണം. ശുദ്ധമായ വെള്ളം മാത്രമേ കുടിക്കാവൂ. തിളപ്പിച്ചാറ്റിയ വെള്ളം നല്ലത്. ഭക്ഷ്യ വസ്തുക്കൾ തുറന്ന് വയ്ക്കരുത്. എന്തെങ്കിലും ബുദ്ധിമുട്ടുകൾ തോന്നിയാൽ ഉടൻ ചികിത്സ തേടേണ്ടതാണ്.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവൈലൻസ് ഓഫീസർമാർ, മെഡിക്കൽ കോളേജുകളിലെ വിദഗ്ധ ഡോക്ടർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# കൊല്ലത്തു നിന്ന് മധുരയ്ക്ക് വന്ദേഭാരത് പരിഗണനയിൽ

**കൊല്ലം:** കൊല്ലത്ത് നിന്ന് ചെങ്കോട്ട വഴി മധുരയ്ക്ക് വന്ദേഭാരത് എക്സ്പ്രസ് സർവീസ് നടത്തുന്നത് റെയിൽവേ ബോർഡിൻറെ പരിഗണനയിൽ.

വരുമാനത്തിലടക്കം സർവീസ് ഗുണകരമാകുമോ എന്ന കാര്യത്തിൽ അധികൃതരുടെ ഭാഗത്ത് നിന്ന് വിവരശേഖരണവും തയാറെടുപ്പുകളും തുടങ്ങി കഴിഞ്ഞു. എല്ലാ ഘടകങ്ങളും അനുകൂലമാണെങ്കിൽ സർവീസ് ആരംഭിക്കാൻ റെയിൽവേ മന്ത്രാലയം അനുമതി നൽകിയേക്കും.



അടുത്തിടെ ദക്ഷിണ റെയിൽവേയ്ക്ക് അനുവദിച്ച എട്ട് കോച്ചുകളുള്ള ഒരു വന്ദേഭാരത് എക്സ്പ്രസ് അനുവദിച്ചിരുന്നു. ഇത് ബംഗളൂരു എറണാകുളം റൂട്ടിൽ സർവീസ് നടത്താനാണ് അധികൃതർ ആലോചിച്ചത്.

ചില സാങ്കേതിക തടസങ്ങൾ ചൂണ്ടിക്കാട്ടി പ്രസ്തുത നീക്കം റെയിൽവേ താത്ക്കാലികമായി ഉപേക്ഷിക്കുകയായിരുന്നു. എന്നാൽ ബംഗളൂരുഎറണാകുളം റൂട്ടിലെ സ്വകാര്യ ബസ് ലോബിയാണ് അട്ടിമറിക്ക് പിന്നിലെന്ന ആക്ഷേപം ശക്തമാണ്.

ബംഗളൂരുവിൽ നിന്ന് എറണാകുളത്തേയ്ക്ക് നിർദേശിക്കപ്പെട്ട വന്ദേഭാരത് കൊല്ലം, കൊച്ചുവേളി, തിരുവനന്തപുരം ഭാഗത്തേയ്ക്ക് നീട്ടണമെന്ന് ഫ്രണ്ട്സ് ഓൺ റെയിൽസ് അടക്കമുള്ള യാത്രക്കാരുടെ സംഘടനകൾ ആവശ്യപ്പെട്ടെങ്കിലും അതും പരിഗണിക്കപ്പെട്ടില്ല.

കേരളത്തിനായി അനുവദിക്കപ്പെട്ട എട്ടു കോച്ചുകൾ ഉള്ള വന്ദേ ഭാരത് എക്സ്പ്രസ് കഴിഞ്ഞ മൂന്നാഴ്ചയിൽ അധികമായി കൊല്ലം റെയിൽവേ സ്റ്റേഷന്റെ രണ്ടാം പ്രവേശന കവാടത്തിന് സമീപമുള്ള ഒഴിഞ്ഞ ട്രാക്കിൽ നിർത്തിയിട്ടിരിക്കയാണ്.

ഈ സാഹചര്യത്തിലാണ് കൊല്ലം മധുര വന്ദേ ഭാരത് എന്ന ആശയം അധികൃതർ പരിഗണിക്കുന്നത്. ഈ റൂട്ടിൽ നിലവിൽ കൂടുതൽ ട്രെയിനുകൾ ഇല്ലാത്തതും വന്ദേഭാരത് സർവീസ് നടത്തുന്നതിനുള്ള അനുകൂല ഘടകമാണ്.

കൊല്ലത്ത് നിന്ന് ചെങ്കോട്ട വഴി മധുരയ്ക്ക് പോകാൻ 267 കിലോമീറ്റർ ദൈർഘ്യമുണ്ട്. ഏഴ് മണിക്കൂറാണ് എക്സ്പ്രസ് ട്രെയിനുകളുടെ യാത്രാ സമയം. വന്ദേഭാരത് ആകുമ്പോൾ സമയത്തിൽ കുറച്ചുകൂടി മാറ്റവും ഉണ്ടാകും.

സമീപകാലത്ത് വരെ ഈ മേഖലയിൽ ഓടിയിരുന്ന വണ്ടികളിൽ 14 കോച്ചുകളാണ് ഉണ്ടായിരുന്നത്. ഈ മാസം ആറു മുതൽ കോച്ചുകളുടെ എണ്ണം 18 ആയി ഉയർത്തുകയും ചെയ്തു.



# നിറ്റ ജലാറ്റിൻ പ്രവർത്തനം വിപുലീകരിക്കുന്നു; 60 കോടിയുടെ പുതിയ പദ്ധതിക്ക് തുടക്കമായി

**കൊച്ചി:** നിറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ് കേരളത്തിൽ 200 കോടിയുടെ നിക്ഷേപം നടത്തുന്നതിന്റെ ആദ്യഘട്ട പദ്ധതിക്ക് തുടക്കം കുറിച്ചു. ആഗോളതലത്തിൽ ഏറെ ആവശ്യകതയുള്ള കൊളാജൻ പെപ്റ്റൈഡിന്റെ നിർമാണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാക്കനാട് കിൻഫ്ര എക്സ്പോർട്ട് ഇൻഡസ്ട്രിയൽ പാർക്കിൽ 60 കോടിയോളം രൂപയുടെ ഫാക്ടറി നിർമ്മാണ പ്രവർത്തനത്തിനാണ് ചൊവ്വാഴ്ച്ച തുടക്കം കുറിച്ചത്. ചടങ്ങിൽ നിറ്റ ജലാറ്റിൻ ഇന്ത്യ മാനേജിങ് ഡയറക്ടർ സജീവ് മേനോൻ, നിറ്റ ജലാറ്റിൻ ഡിവിഷൻ മേധാവി ജി. പ്രവീൺ, ഡയറക്ടർ ബോർഡ് മെമ്പർ ഷെർലി തോമസ്, തൃക്കാക്കര മുനിസിപ്പൽ ചെയർപേഴ്സണൻ രാധാമണി പിള്ള, തൃക്കാക്കര അസി.പോലീസ് കമ്മീഷണർ സന്തോഷ് സി.ആർ, സിഐറ്റിയു സംസ്ഥാന ജനറൽ സെക്രട്ടറി കെ.എൻ ഗോപിനാഥ്, ടെക്നിക്കൽ ഡയറക്ടർ ഡോ. ഷിനിയ തകഹാഷി, ഓപ്പറേഷൻ വിഭാഗം സീനിയർ ജനറൽ മാനേജർ പ്രദീപ് കുമാർ കെ തുടങ്ങിയവർ പങ്കെടുത്തു.

നിറ്റ ജെലാറ്റിൻ ഇൻ കോർപറേറ്റഡ് ജപ്പാന്റെയും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെയും സംയുക്ത സംരംഭമാണ് കാക്കനാട് പ്രവർത്തിക്കുന്ന എൻജിഐഎൽ. മുഖ്യമന്ത്രിയുടെ ജപ്പാൻ സന്ദർശന വേളയിൽ ജാപ്പനീസ് ബഹുരാഷ്ട്ര കമ്പനിയായ നിറ്റ ജലാറ്റിൻ കമ്പനി അധികൃതർ 200 കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ നടത്തുമെന്ന് ഉറപ്പു നൽകിയിരുന്നു. ഈ വാഗ്ദാനമാണ് ഇപ്പോൾ കമ്പനി യാഥാർത്ഥ്യമാക്കുന്നത്. പുതിയ പ്രോജക്ട് യാഥാർത്ഥ്യമാകുന്നതോടെ കേരളത്തിൽ തൊഴിൽ അവസരം വർദ്ധിക്കും. നിലവിൽ കമ്പനി പ്രതിവർഷം ഉദ്പാദിപ്പിക്കുന്നത് 550 മെട്രിക് ടൺ കൊളാജൻ പെപ്റ്റൈഡ് ആണ്. പുതിയ ഫാക്ടറി വരുന്നതോടെ ഉദ്പാദനം 1150 മെട്രിക് ടണ്ണായി ഉയരും. വരുന്ന മൂന്ന് മാസത്തിനുള്ളിൽ അനുമതി ലഭിക്കുന്ന മുറയ്ക്ക് മറ്റു പ്രോജക്ടുകൾ കൂടി കേരളത്തിൽ ആരംഭിക്കുമെന്ന് എൻജിഐഎൽ മാനേജിംഗ് ഡയറക്ടർ സജീവ് കെ മേനോൻ പറഞ്ഞു. അടുത്ത വർഷം പകുതിയോടെ പദ്ധതി കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. കൊളാജൻ പെപ്റ്റൈഡിന്റെ ആവശ്യം ലോകമെമ്പാടും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പ്രമേഹം നിയന്ത്രിക്കാൻ സഹായിക്കുന്ന മറ്റൊരു ഉത്പന്നം ഉടൻ പുറത്തിറക്കുമെന്ന് പ്രതീക്ഷിക്കുന്നതായും വിപുലീകരിച്ച ഫാക്ടറിക്ക് ഈ ആവശ്യകത വിജയകരമായി നിറവേറ്റാൻ സാധിക്കുമെന്നും സജീവ് കെ മേനോൻ പറഞ്ഞു.കേരളത്തിലെ സർക്കാരുകളുടെ വ്യവസായ സൗഹൃദ നയങ്ങൾ കമ്പനിക്ക് സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം നടത്താനുള്ള ആത്മവിശ്വാസം നൽകിയതായി നിറ്റ ജെലാറ്റിൻ പ്രസിഡന്റും എൻജിഐഎൽ ഡയറക്ടറുമായ കൊയിച്ചി ഒഗാറ്റ പറഞ്ഞു.കേരളത്തിലെ വിദഗ്ധ തൊഴിലാളികളുടെ ലഭ്യത ഇവിടെയുള്ള ഞങ്ങളുടെ പ്രവർത്തനങ്ങളുടെ വിജയത്തിന് നിർണായക ഘടകമാണ്. ഞങ്ങളുടെ ജീവനക്കാരുടെ സൗഹൃദ നയങ്ങൾ കേരളത്തിലെ ഞങ്ങളുടെ യൂണിറ്റുകളിൽ അനുകൂലമായ വ്യാവസായിക ബന്ധ അന്തരീക്ഷം ഉറപ്പാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.നിക്ഷേപത്തെ സ്വാഗതം ചെയ്ത മുഖ്യമന്ത്രി, ജപ്പാൻ സന്ദർശിച്ച വേളയിൽ തന്നോട് കാണിച്ച പ്രതിബദ്ധത കമ്പനി മാനിച്ചതിൽ സന്തോഷം പ്രകടിപ്പിച്ചു. സംസ്ഥാനവും ആഗോള നിക്ഷേപകരും തമ്മിലുള്ള വിജയകരമായ പങ്കാളിത്തത്തിന്റെ ഉദാഹരണമാണ് കമ്പനിയെന്നും പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

# ജിയോജിതിന് 149 കോടി രൂപ അറ്റാദായം

**കൊച്ചി:** പ്രമുഖ നിക്ഷേപ സേവന സ്ഥാപനമായ ജിയോജിതിന്റെ 202324സാമ്പത്തിക വർഷത്തിലെ പ്രവർത്തനഫലം ഡയറക്ടർ ബോർഡ് അംഗീകരിച്ചു. 2024 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ 624 കോടി രൂപയാണ് കമ്പനിയുടെ മൊത്തം വരുമാനം. 202223 സാമ്പത്തിക വർഷത്തിലെ 448 കോടി രൂപയിൽ നിന്ന് 39 ശതമാനം വർദ്ധന മൊത്തം വരുമാനത്തിൽ രേഖപ്പെടുത്തി. നികുതിക്ക് മുൻപുള്ള ലാഭം മുൻ സാമ്പത്തിക വർഷത്തിലെ 119 കോടിയിൽ നിന്നും 61 ശതമാനം വർദ്ധിച്ച് 202324സാമ്പത്തിക വർഷത്തിൽ 192 കോടി രൂപയായി. അറ്റാദായം 101 കോടി രൂപ ആയിരുന്നത് 48 ശതമാനം ഉയർന്ന് 149 കോടി രൂപയായി.202324 സാമ്പത്തിക വർഷത്തിലെനാലാം പാദത്തിലെ മൊത്തം വരുമാനം 209 കോടി രൂപയാണ്. മുൻ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 79 ശതമാനത്തിന്റെ വർധനയാണ് വരുമാനത്തിൽ ഉണ്ടായിരിക്കുന്നത്. 202223 സാമ്പത്തിക വർഷത്തിലെ നാലാം പാദത്തിൽ 117 കോടി രൂപയായിരുന്നു കമ്പനിയുടെ മൊത്തം വരുമാനം. നികുതിക്ക് മുൻപുള്ള ലാഭം മുൻ വർഷത്തെ 29 കോടി രൂപയിൽ നിന്ന് 66 കോടി രൂപയിലെത്തി. 128ശതമാനത്തിന്റെ വർധനയാണ് രേഖപ്പെടുത്തിയത്. അറ്റാദായം 30 കോടി രൂപയിൽ നിന്ന് 73 ശതമാനം വർദ്ധിച്ച് 52 കോടി രൂപയായി.1 രൂപ മുഖവിലയുള്ള ഒരു ഓഹരിക്ക് 1.50 രൂപ (150 ശതമാനം) എന്ന നിരക്കിൽ 202324 വർഷത്തെ ലാഭവിഹിതം നൽകാൻ ഡയറക്ടർ ബോർഡ് ശുപാർശ ചെയ്തു. കമ്പനിയുടെ ക്യാപിറ്റൽ മാർക്കറ്റ് ബിസിനസ്സ് വിപുലീകരിക്കുന്നതിനായി ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്ററിൽ(ഡിഐഎഫ്സി) 10ലക്ഷം ഡോളർ നിക്ഷേപിക്കുന്നതിനും ബോർഡ് അനുമതി നൽകി.ജിയോജിത്തിന് നിലവിൽ 13 ലക്ഷത്തിലധികം ഇടപാടുകാരുണ്ട്. 2024 മാർച്ച് 31 വരെയുള്ള കണക്ക് പ്രകാരം കമ്പനി കൈകാര്യം ചെയ്യുന്ന ഇടപാടുകാരുടെ ആസ്തി 93,000കോടി രൂപയാണ്.

®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

# അപേക്ഷ ക്ഷണിച്ചു

**കൊല്ലം:** അഗ്രികൾച്ചറൽ മാനേജ്മെന്റ് ഏജൻസി (ആത്മ) വഴി നടപ്പിലാക്കിവരുന്ന ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ സർവീസ് ഫോർ ഇൻപുട്ട് ഡീലർ കോഴ്സിലേക്ക് വളം /കീടനാശിനി ഡിപ്പോ നടത്തുന്നവർക്കും തുടങ്ങാൻ താല്പര്യമുള്ളവർക്കും അപേക്ഷിക്കാം. യോഗ്യത: എസ്.എസ്.എൽ.സി കോഴ്സ് കാലാവധി 48 ആഴ്ച. അതത് കൃഷിഓഫീസറുടെ ശുപാർശ സഹിതം മെയ് അഞ്ചിനകം ആത്മ പ്രോജക്ട് ഡയറക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, കൊല്ലം 691013 വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷാമാതൃക കൃഷിഭവനുകളിൽ ലഭിക്കും. വിവരങ്ങൾക്ക് : atmakollam@gmail.com. ഫോൺ 7907368657/0474 2792080.